പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കന്ററി വിഭാഗം,
ഹൗസിംങ് ബോർഡ് ബിൽഡിങ്സ്,
ശാന്തിനഗർ, തിരുവനന്തപുരം

നം.എസിഡി. എസ്പിസി(2)/178064/2020/എച്ച്എസ്ഇ തീയതി. 20/05/2020

# സർക്കുലർ

വിഷയം- പൊതുവിദ്യാഭ്യാസ വകുപ്പ് - ഹ.സെ.വി - 2019-20 സാമ്പത്തിക വർഷാവസാനം ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയ ബില്ലുകൾ ക്ലിയർ ചെയ്യുന്നതിനായി സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന- ധനകാര്യ (രഹസ്യ) വകുപ്പിന്റെ 08/04/2020 തീയതിയിലെ 21/2020/ധന. നമ്പർ സർക്കുലർ.

സൂചന സർക്കുലർ പ്രകാരം 2019-20 സാമ്പത്തികവർഷാവസാനം ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയ ബില്ലുകൾ ക്ലിയർ ചെയ്യുന്നതിനായി വ്യക്തമായ ഒരു മാർഗ്ഗ നിർദ്ദേശം കേരള സർക്കാർ ധനകാര്യ (രഹസ്യ) വകുപ്പിൽനിന്നു നൽകിയിട്ടുണ്ട്.

ആയതിൽ സൂചിപ്പിച്ചതിൻപ്രകാരമുളള നടപടികൾ പൂർത്തിയാക്കുന്നതിന്റെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷത്തെ (2020-21) ബജറ്റ് വിഹിതത്തിൽ നിന്നും അലോട്ട്മെന്റ് നൽകുന്നതിന് 2019-20 വർഷം ക്യൂവിൽ ഉൾപ്പെട്ട ബില്ലുകൾ ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ഹയർ സെക്കൻഡറി ഡയറക്ടറേറ്റിലെ അക്കാഡമിക് സ്പെഷ്യൽ സെൽ വിഭാഗത്തിലേക്ക് അയയ്ക്കേണ്ടതാണ്.

(1) 28/01/2020 തീയതികളിലെ എസിഡി.എസ്പിസി.(2)/148001/2019/എച്ച്എസ്ഇ നമ്പർ ഉത്തരവ് പ്രകാരം നൽകിയ അലോട്ട്മെൻറ് പ്രകാരമുളള ക്യൂവിലെ ബില്ലുകൾ മാത്രമാണ് അയച്ച് തരേണ്ടത്.

(2) 2019-20 വർഷം ജനറേറ്റ് ചെയ്ത ബില്ലിന്റെ **(outer bill)** -ന്റെ പകർപ്പ്, ക്യൂവിലാണ് എന്ന് സൂചിപ്പിക്കുന്ന ട്രഷറി ബിൽ ബുക്കിന്റെ പകർപ്പ് എന്നിവയുടെ scanned copy – dhsetraining@gmail.com എന്ന ഇ-മെയിൽ വിലാസത്തിലേക്ക് **23/05/2020** വൈകുന്നേരം 5 മണിക്കു മുമ്പായി പ്രിൻസിപ്പാളുടെ അപേക്ഷ (Bill reference No., School Code) സഹിതം അയച്ച് തരേണ്ടതാണ്.

ഒപ്പ്

**ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)**